6. ലീഗൽ മെട്രോളജി ആഫീസ്
7. ജോയിന്റ് ആർ.ടി. ആഫീസ്
8. അസി. രജിസ്ട്രാർ (സഹകരണം) ഓഡിറ്റ്.
9. അസി. ഡയറക്ടർ, കൃഷി
10. എക്സൈസ് റേഞ്ച് ആഫീസ്
11. പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് നമ്പർ 2
12. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ കനാൽ സബ്ഡിവിഷൻ
13. അസി. എഞ്ചിനീയർ (ഡി.പി.) സെക്ഷൻ
14. ടൗൺ എംപ്ലോയ്മെന്റ് ആഫീസ്.
15. അസി. ലേബർ ആഫീസ്
16. താലൂക്ക് സ്റ്റാറ്റിസ്റ്റിക്സ് ആഫീസ്
17. ഐ.സി.ഡി.എസ്. ആഫീസ്
18. സോയിൽ കൺസർവഷൻ ആഫീസ്
19. അസി. രജിസ്ട്രാർ (സഹകരണം) ജനറൽ
20. ഫുഡ്-ഇൻസ്പെക്ടർ ആഫീസ്
21. പട്ടികജാതി വികസന ആഫീസ്
22. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ
23. അസി. എഞ്ചിനീയർ, കനാൽ സെക്ഷൻ
24. സബ്-രജിസ്ട്രാർ ആഫീസ്

(ബി) ഉണ്ട്. കോഴിക്കോട് ഡിവിഷണൽ ഫയർ ആന്റ് റസ്ക്യൂ വകുപ്പ് ഓഫീസർ, സെക്രട്ടറി, ഗവൺമെന്റ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, സെക്രട്ടറി, ഭാരത് സ്കൗട്ട് & ഗൈഡ്സ്.

(സി) ഇതു സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

അന്തിക്കാട് മിനി സിവിൽസ്റ്റേഷൻ നിർമ്മാണം

136 (2158) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തിക്കാട് മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിർമ്മാണ പ്രവൃത്തികൾ എന്നാണ് ആരംഭിച്ചത് ;

(സി) നിർമ്മാണ പുരോഗതി വിശദമാക്കുമോ ;

(ഡി) സിവിൽസ്റ്റേഷൻ നിർമ്മാണം എന്നേക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 172.5 ലക്ഷം രൂപ

(ബി) 14-10-2010-ൽ

(സി) നിർമ്മാണത്തിന്റെ 40% പൂർത്തിയായിട്ടുണ്ട്.

(ഡി) 13-4-2012-നകം നിർമ്മാണം പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ മാനദണ്ഡം

137 (2160) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ്-താലൂക്ക് ഓഫീസുകളിൽ നിന്നും നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകുന്നത് എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) വർഷങ്ങൾക്കുമുമ്പ് വിവാഹം കഴിഞ്ഞ് മറ്റ് ജില്ലകളിൽ നിന്നും വന്ന് ഭർത്തൃവീടുകളിൽ സ്ഥിരതാമസമാക്കിയ സ്ത്രീകൾക്ക് പി.എസ്.സി. പരീക്ഷകളിൽ സ്വന്തം ജില്ലയുടെ ആനുകൂല്യം ലഭിക്കുന്നതിന് സ്ഥിരതാമസമാക്കിയ ജില്ല സ്വന്തം ജില്ലയായി പരിഗണിച്ച് നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 26-2-1983-ലെ GO.(Ms) 205/83/RD, 6-5-2008-ലെ GO. (R.t.) 1553/08/RD ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് നിലവിൽ വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്ന് നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകുന്നത്.

(ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശപ്രകാരമാണ് കമ്മീഷന്റെ മുമ്പാകെ സമർപ്പിക്കാനുള്ള നേറ്റിവിറ്റി സർട്ടിഫിക്കറ്റിനുള്ള മാതൃകാഫാറങ്ങൾ 6-5-2008-ലെ G.O. (Rt.) 1553/08/RD പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത്. നിലവിലുള്ള സ്ഥിതിയിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly